# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1537 06.03.2018 ൽ മറുപടിയ്ക്ക്**

**പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനം**

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിനായും പ്രസ്തുത ഗ്രൗണ്ടിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് (PWD,Nirmiti Kendra etc) എസ്റ്റിമേറ്റ് സ്വീകരിച്ച് വകുപ്പദ്ധ്യക്ഷന്റെ അനുമതിക്കായി സമർപ്പിക്കാൻ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പാറശ്ശാലയ്ക്ക് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച്, മോട്ടോർ വാഹന വകുപ്പിന്റെ അനുമതിയോടെ പ്രസ്തുത സൗകര്യങ്ങൾ നിർമ്മിച്ചുതരാം എന്ന സ്ഥലം എം.എൽ.എ യുടെ വാഗ്ദാനത്തെ തുടർന്ന് പാറശ്ശാല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് ബഹു.എം.എൽ.എ യുമായി ബന്ധപ്പെട്ട് തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ഗതാഗത കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗ്രൗണ്ടിൽ സ്ത്രീകൾക്കായി ഒരു വിശ്രമ മന്ദിരവും കുടിവെള്ള വിതരണ സംവിധാനവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ